കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ HSST Botany (Jr.& Sr.) (Category No: 449/10) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്കായി 05/02/2014 മുതൽ 14/02/2014 വരെ പി.എസ്.സി ആസ്ഥാന ഓഫീസിൽ വച്ചും ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്കായി 05/02/2014 മുതൽ 20/02/2014 വരെ പി.എസ്.സി എറണാകുളം റീജിയണൽ ഓഫീസിൽ വച്ചും ഇന്റർവ്യൂ നടത്തുന്നതാണ്. ചുരുക്കപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത അറിയിപ്പ് ഇതിനോടകം അയച്ചിട്ടുണ്ട്. കൂടാതെ അഭിമുഖം, പ്രമാണ പരിശോധന എന്നിവയുടെ സമയവും തീയതിയും, ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങളും www.keralapsc.gov.in എന്ന വെബ്സൈറ്റിലെ Announcement എന്ന ലിങ്കിൽ ലഭ്യമാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ വ്യക്തിഗത അറിയിപ്പ് ഇതിനോടകം ലഭിച്ചിട്ടില്ലാത്തവർ 03/02/2014-നകം ആസ്ഥാന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉള്ള ഉദ്യോഗാർത്ഥികൾക്കായി പി.എസ്.സിയുടെ കോഴിക്കോട് റീജിയണൽ ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതാണ്. ഇന്റർവ്യൂ തീയതി തീരുമാനിക്കുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത അറിയിപ്പ് നൽകുകയും പി.എസ്.സിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസ്തുത വിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതാണ്.

## Instruction to Candidates of HSST Botany (Jr. & Sr.)

I ഇന്റർവ്യൂവിന് മുന്നോടിയായി നടത്തുന്ന വെരിഫിക്കേഷൻ സമയത്ത് താങ്കൾ താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് ശരിപ്പകർപ്പുകളും ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരു കാരണവശാലും താങ്കളെ ഇന്റർവ്യൂവിന് ഹാജരാകുവാൻ അനുവദിക്കുന്നതല്ല.

എ) അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന താങ്കളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ

ബി) അപേക്ഷയിൽ താങ്കൾ അവകാശപ്പെട്ടിട്ടുള്ള ഈ തസ്തികയ്ക്ക് അവശ്യം വേണ്ടതായ യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ

1) Msc Botany Certificate & Marklist
2) B. Ed / M.Ed
3) SET/SLET/NET/M.Ed/M Phil/PhD

(മേൽ പരാമർശിച്ച യോഗ്യതകൾ ടി തസ്തികയുടെ ഗസറ്റ് വിജ്ഞാപനത്തിന്റെ അവസാന തീയതിയായ 16/02/2011-ന് മുൻപ് നേടിയതായിരിക്കണം)

സി) PSC അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് ശരിപ്പകർപ്പുകളും തിരിച്ചറിയൽ രേഖകളെ സംബന്ധിച്ച വിശദവിവരങ്ങൾക്ക് **www.keralapsc.gov.in** നോക്കുക.

ഡി) ആറുമാസത്തിനകം എടുത്ത രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോകൾ (കുറിപ്പ് III (2) കാണുക) [പേരും ഫോട്ടോ എടുത്ത തീയതിയും ഉണ്ടായിരിക്കണം]

II <u>താഴെ ആവശ്യപ്പെട്ടിരിക്കുന്നവയിൽ താങ്കൾക്ക് ബാധകമായിട്ടുള്ള എല്ലാ രേഖകളും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.</u>

എ) ജാതി സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതിയിലെ / പട്ടികവർഗ്ഗ സമുദായത്തിലെ അംഗമാണ് താങ്കൾ എന്ന് അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്നു. അതിനാൽ താങ്കളുടെ ജാതി സർട്ടിഫിക്കറ്റിന്റെ അസ്സൽ, വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കാത്ത പക്ഷം താങ്കൾക്ക് ജാതി സംവരണാനുകൂല്യം നഷ്ടപ്പെടുന്നതാണ് .

ബി) താങ്കൾ വിമുക്തഭടനാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിശ്ചിത സേവനകാലം പൂർത്തിയാക്കി പെൻഷന് അർഹത നേടിയിട്ടുള്ള വിമുക്തഭടനാണെന്ന് തളിയിക്കുന്നതിന് താങ്കളുടെ പെൻഷൻ പേയ്മെന്റ് ഓർഡറിന്റെയും ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെയും അസ്സൽ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

സി) താങ്കൾ വികലാംഗനാണെന്ന് / വികലാംഗയാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വികലാംഗർക്ക് അവകാശപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ നേടുന്നതിനായി **15/05/1997** ലെ **GO(P)No.161/97/H&FWD** പ്രകാരം രൂപീകൃത മായ സ്റ്റാൻഡിംഗ് ഡിസെബിലിറ്റി അസ്സ്മെന്റ് ബോർഡിൽ നിന്നും നേടിയിട്ടുള്ള സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) ഹാജരാക്കേണ്ടതാണ്. അപ്രകാരം താങ്കളുടെ അംഗവൈകല്യം തെളിയിക്കാത്ത പക്ഷം വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

ഡി) താങ്കൾ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലോ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ ജോലി നോക്കുന്ന ആളാണെങ്കിൽ മേലധികാരിയിൽ നിന്നും ഈ ജോലിയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അനുമതി പത്രം (രസീത്) ഗസറ്റ്

വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ ഹാജരാക്കേണ്ടതാണ്.

III താങ്കൾ സംവരണാനുകൂല്യത്തിന് അർഹതയുള്ള പിന്നോക്കവിഭാഗത്തിലെ അംഗമാണെങ്കിൽ **26/09/2009 –** ലെ **81/2009/**എസ്.ഡി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം നേടിയിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, പകർപ്പും ഹാജരാക്കേണ്ടതാണ്.

<u>കുറിപ്പ്:-</u>

1) ഏതെങ്കിലും പ്രമാണം ഹാജരാക്കുന്നതിനും ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനും പിന്നീട് സമയം അനുവദിക്കുന്നതല്ല.

2) സ്റ്റാമ്പ് സൈസ് ഫോട്ടോ ഹാജരാക്കാൻ പാടില്ല. ഫോട്ടോ ഇളം നിറത്തിലുള്ള പശ്ചാത്തലത്തോടു കൂടിയതും മുഖം പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കേണ്ടതും തോൾഭാഗവും കണ്ണുകളും വ്യക്തമായി കാണത്തക്കവിധത്തിലുള്ളതും 4.4 സെ.മീ 3.5 സെ.മീ അളവിലുള്ളതുമായിരിക്കണം. ഈ നിബന്ധനകൾ പാലിക്കാതെയുള്ള ഫോട്ടോ ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ അഭിമുഖത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

3) ജാതി /നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരും അപേക്ഷയിലെ അഡ്രസ്സും, രേഖപ്പെടുത്തിയിരിക്കണം. ബന്ധപ്പെട്ട റവന്യൂ അധികാരിയുടെ പേരും, ഔദ്യോഗിക ഓഫീസ് സീലും രേഖപ്പെടുത്തിയിരിക്കണം.

IV എന്തെങ്കിലും കാരണവശാൽ ഇന്റർവ്യൂ മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾക്ക് പുതിയതായി ഇന്റർവ്യൂ മെമ്മോ അയക്കുന്നതല്ല. പുതുക്കിയ തീയതി സംബന്ധിച്ച വിവരങ്ങൾ വാർത്താ മാദ്ധ്യമങ്ങളിലും കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in ലും പ്രസിദ്ധീകരിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ വെബ്സൈറ്റും വാർത്താമാദ്ധ്യമങ്ങളും നിരീക്ഷിച്ച് പുതുക്കിയ തീയതി അറിയിക്കേണ്ടതും ഇതേ മെമ്മോയുമായി ഇന്റർവ്യൂവിന് ഹാജരാകേണ്ടതുമാണ്.